**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238** **18-03-2022 - ൽ മറുപടിയ്ക്ക്**

**ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ്** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സിനിമാ മേഖലയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിച്ച ജസ്റ്റിസ് ഹേമ കമ്മിറ്റി ഈ കാര്യത്തിൽ ശക്തമായ നിയമനിർമ്മാണം വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള സിനി എക്സിബിറ്റേഴ്സ് ആന്റ് എംപ്ലോയീസ് (റഗുലേഷൻ)ആക്ട് -2020 എന്ന ചട്ടം നടപ്പിലാക്കുന്നതിനും നിയമപ്രകാരം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും ജസ്റ്റിസ് കെ.ഹേമ സമിതി ശിപാർശ ചെയ്തിരുന്നു. |
| (ബി) | ജസ്റ്റിസ് ഹേമ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (ബി) | പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി, ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗം ചേരുകയും ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർ നടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ജസ്റ്റിസ് കെ. ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുമോയെന്ന് വ്യക്തമാക്കാമോ; | (സി) | സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ / വിവരങ്ങൾ ജസ്റ്റിസ് കെ. ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് കോൺ |

| | | | |
|---|---|---|---|
| | | | ഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ.ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വ്യക്തി കളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കുവാൻ കഴിയില്ലെന്ന് 22.10.2020-ലെ 236(1)2020/SIC നടപടിക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. മാത്രവുമല്ല, കമ്മീഷൻ ഓഫ് എൻക്വയറീസിന്റെ പരിധിയിൽ ടി സമിതി വരുന്നില്ല. |
| (ഡി) | കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ; | (ഡി) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ.ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കി വരുന്നു. |
| (ഇ) | സിനിമാ മേഖലയിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനായി പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ.ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് വരികയാണ്. സിനിമാ മേഖലയിലെ സ്ത്രീകൾ ഉൾപ്പെടെയുള്ളവർ ചൂഷണം ചെയ്യപ്പെടുന്നത് തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ